**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3484** — **05-08-2021 - ൽ മറുപടിയ്ക്ക്**

**സബ്ജക്ട് കമ്മിറ്റികൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിയമസഭയുടെ വിവിധ സബ്ജക്ട് കമ്മിറ്റികൾ അംഗീകരിച്ച് അധിക ഫണ്ടിനു വേണ്ടി സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിക്കുന്ന രീതി വ്യക്തമാക്കുമോ; | (എ) | മുൻ വർഷങ്ങളിലേയും, നടപ്പ വർഷത്തേയും ബജറ്റ് വിഹിതത്തിന്റെ വിനിയോഗം, പദ്ധതി നിർവ്വഹണ പുരോഗതി, സംസ്ഥാനത്തിന്റെ വിഭവ ലഭ്യത, മുൻ വർഷത്തെ അപേക്ഷിച്ച് ബജറ്റ് വിഹിതത്തിൽ ഉണ്ടായിട്ടുള്ള വ്യതിയാനം എന്നിവയുടെ അടിസ്ഥാനത്തിലാണ് നിയമസഭയുടെ വിവിധ വിഷയനിർണ്ണയ സമിതികൾ അധിക തുകയ്ക്കുവേണ്ടി ശിപാർശ ചെയ്യു പദ്ധതി പദ്ധതിയേതര ഇനങ്ങളിൽ ഭരണ വകുപ്പ് സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ പ്രധാനമായും പരിശോധിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ, നബാർഡ്, എൻ.സി.ഡി.സി, എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളിൽ കേന്ദ്ര മന്ത്രാലയങ്ങൾ പുറപ്പെടുവിക്കുന്ന ഭരണാനുമതി, ലഭ്യമാകുന്ന കേന്ദ്ര വിഹിതം, വായ്പാ വിഹിതം എന്നിവ കണക്കിലെടുത്താണ് അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നത്. കേന്ദ്ര വിഹിതം സംസ്ഥാന അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ട പദ്ധതികളിൽ ഭരണവകുപ്പ് ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് തന്നെ അധിക വിഹിതം അനുവദിക്കാറുമുണ്ട്. |
| (ബി) | 2020, 2021 വർഷങ്ങളിൽ ഇത്തരത്തിൽ സബ്ജക്ട് കമ്മിറ്റികൾ എത്ര പ്രൊപ്പോസലുകൾ ധനവകുപ്പിന് സമർപ്പിച്ചിട്ടുണ്ട്; ഇതിൽ എത്രയെണ്ണം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | വിഷയനിർണ്ണയസമിതിയുടെ ശിപാർശകളിന്മേൽ ബഹു. ധനമന്ത്രി നിയമസഭയിൽ യുക്തമായ പ്രസ്താവനകൾ നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ഭരണ വകുപ്പ് ലഭ്യമാക്കുന്ന അധിക ധനാനുമതി നിർദ്ദേശങ്ങൾക്ക്, അധിക ധനാനുമതി, ധനപുനർവിനിയോഗം, ഉപധനാഭ്യർത്ഥന എന്നിവ വഴി തുക അനുവദിക്കാറുണ്ട്. വിഷയ നിർണ്ണയ സമിതി ശിപാർശയിന്മേൽ കൈക്കൊണ്ട നടപടി റിപ്പോർട്ട് ഭരണ വകുപ്പ് അതത് വിഷയ നിർണ്ണയ സമിതികൾക്ക് നൽകി വരുന്നുമുണ്ട്. ധനകാര്യ വകുപ്പിൽ ആയതിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ അതിൻമേലുള്ള ക്രോഡീകരണം നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | വിവിധ വകുപ്പുകൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ സബ്ജക്ട് കമ്മിറ്റികൾ പരിശോധിച്ച് ധനവകുപ്പിന് സമർപ്പിക്കുന്നതിൽ മിക്കതും അനുവദിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ? | (സി) | വിഷയനിർണ്ണയസമിതിയുടെ ശിപാർശകളിന്മേൽ ബഹു. ധനമന്ത്രി നിയമസഭയിൽ യുക്തമായ പ്രസ്താവനകൾ നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ഭരണ വകുപ്പ് ലഭ്യമാക്കുന്ന അധിക ധനാനുമതി നിർദ്ദേശങ്ങൾക്ക്, അധിക ധനാനുമതി, ധനപുനർവിനിയോഗം, ഉപധനാഭ്യർത്ഥന എന്നിവ വഴി തുക അനുവദിക്കാറുണ്ട്. വിഷയ നിർണ്ണയ സമിതി ശിപാർശയിന്മേൽ കൈക്കൊണ്ട നടപടി റിപ്പോർട്ട് ഭരണ വകുപ്പ് അതത് വിഷയ നിർണ്ണയ സമിതികൾക്ക് നൽകി വരുന്നുമുണ്ട്. ധനകാര്യ വകുപ്പിൽ ആയതിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ അതിൻമേലുള്ള ക്രോഡീകരണം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ